**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2464** **07-07-2022 - ൽ മറുപടിയ്ക്ക്**

**കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പ് നടപ്പാക്കിയ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>വ്യവസായ സംരംഭങ്ങൾക്ക് വേണ്ട അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ ഏകജാലക സംവിധാനം കെ-സ്വിഫ്റ്റ്, 2019 ഫെബ്രുവരിയിൽ നിലവിൽ വന്നു. നിലവിൽ 21 വിവിധ വകുപ്പുകളുടെ 79 അനുമതികളും ലൈസൻസുകളും ഈ സംവിധാനം വഴി സംരംഭകന് ലഭ്യമാകും. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പം തന്നെ നിലവിലുള്ള വ്യവസായങ്ങളുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെ-സ്വിഫ്റ്റ് ഇപ്പോൾ സജ്ജമാണ്. പൂർണ്ണനിലയ്ക്ക് സമർപ്പിച്ച അപേക്ഷകളിന്മേൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ 30 ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കുന്നതിന് കെ-സ്വിഫ്റ്റിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപ്രകാരം നടപടി എടുത്തില്ലെങ്കിൽ കൽപ്പിത അനുമതി നൽകുന്നതിനും വേണ്ടിയാണ് ഈ സംവിധാനം രൂപകൽപ്പന ചെയ്തിട്ടുള്ളത്. കൂടാതെ കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ ഏജൻസികളുടെ വ്യാവസായിക ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽനികുതി ഒടുക്കുന്നതിനുള്ള സൗകര്യം എന്നിവ കെ-സ്വിഫ്റ്റിൽ ഒരുക്കിയിട്ടുണ്ട്.നാളിതുവരെ 41,543 പേർ കെ-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 5,668 അപേക്ഷകൾ സമർപ്പിച്ചതിൽ 2,271 എണ്ണത്തിന് അനുമതികൾ ലഭ്യമാക്കിയിട്ടുണ്ട്. 512 അനുമതികൾ നിരസിക്കുകയും ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലുമാണ്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് നിലവിലുള്ള നിക്ഷേപ സൗഹൃദ അന്തരീക്ഷത്തെ കൂടുതൽ മെച്ചപ്പെടുത്തുന്ന ഒന്നായി മാറ്റുന്നതിൽ കെ-സ്വിഫ്റ്റ് വഹിക്കുന്ന പങ്ക് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്.<br><br>വ്യവസായ സംരംഭങ്ങൾക്ക് വേണ്ട അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ ഏകജാലക സംവിധാനം കെ-സ്വിഫ്റ്റ്, 2019 ഫെബ്രുവരിയിൽ നിലവിൽ വന്നു. നിലവിൽ 21 വിവിധ വകുപ്പുകളുടെ 79 അനുമതികളും ലൈസൻസുകളും ഈ സംവിധാനം വഴി സംരംഭകന് ലഭ്യമാകും. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പം തന്നെ നിലവിലുള്ള വ്യവസായങ്ങളുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെ-സ്വിഫ്റ്റ് ഇപ്പോൾ സജ്ജമാണ്. പൂർണ്ണനിലയ്ക്ക് സമർപ്പിച്ച അപേക്ഷകളിന്മേൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ 30 ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കുന്നതിന് കെ-സ്വിഫ്റ്റിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപ്രകാരം നടപടി എടുത്തില്ലെങ്കിൽ കൽപ്പിത അനുമതി നൽകുന്നതിനും വേണ്ടിയാണ് ഈ സംവിധാനം രൂപകൽപ്പന ചെയ്തിട്ടുള്ളത്. കൂടാതെ കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ ഏജൻസികളുടെ വ്യാവസായിക ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽനികുതി ഒടുക്കുന്നതിനുള്ള സൗകര്യം എന്നിവ കെ-സ്വിഫ്റ്റിൽ ഒരുക്കിയിട്ടുണ്ട്.നാളിതുവരെ 41,543 പേർ കെ-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 5,668 അപേക്ഷകൾ സമർപ്പിച്ചതിൽ 2,271 എണ്ണത്തിന് അനുമതികൾ ലഭ്യമാക്കിയിട്ടുണ്ട്. 512 അനുമതികൾ നിരസിക്കുകയും ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലുമാണ്. |
| (സി) | സംസ്ഥാന, ജില്ലാ വ്യവസായ പാർക്ക് തലങ്ങളിൽ ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | സൂക്ഷ്മ - ചെറുകിട- ഇടത്തരം സംരംഭങ്ങൾ എന്ന വിഭാഗത്തിന്റെ നിക്ഷേപ പരിധി ഉയർത്തിയതിനെ തുടർന്ന് ആവശ്യമായ മാറ്റങ്ങൾ വരുത്തി കെ-സ്വിഫ്റ്റ് പരിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ നിക്ഷേപ പരിധി ഉയർത്തിക്കൊണ്ട് കേന്ദ്ര സർക്കാർ 2020 ജൂണിൽ വിജ്ഞാപനം ഇറക്കിയിരുന്നു. ഇതുപ്രകാരം 50 കോടി രൂപ വരെ മുതൽമുടക്കുള്ള സംരംഭങ്ങൾ ഈ വിഭാഗത്തിൽപ്പെടും. നേരത്തേ ഇത് 10 കോടി രൂപ വരെയായിരുന്നു. ഇതുപ്രകാരമുള്ള ആവശ്യമായ മാറ്റങ്ങൾ കെ-സ്വിഫ്റ്റിൽ വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ